"ഭരണഭാഷ – മാതൃഭാഷ"

ചീഫ് ഹൈഡ്രോഗ്രാഫറുടെ നടപടി ക്രമങ്ങൾ
ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് , തിരുവനന്തപുരം – 09
(ഹാജർ : സുരേന്ദ്രലാൽ എ.പി)

വിഷയം: ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് – തിരുവനന്തപുരം – ചീഫ് സർവ്വേ സ്രാങ്ക് പ്രൊമോഷൻ – സംബന്ധിച്ച്

പരാമർശം : 1. കൊല്ലം മറൈൻ സർവ്വേയർ ഓഫീസറുടെ 14/2/2019-ലെ 36/2019/എച്ച്.എസ്.വിംഗ്/എസ്.ആർ നമ്പർ കത്ത്
2. കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ 14/2/2019-ലെ 29/19/എച്ച്.എസ്.വിംഗ്/സി.ആർ നമ്പർ കത്ത്
3. ചീഫ് ഹൈഡ്രോഗ്രാഫറുടെ 23/2/2018-ലെ കുറിപ്പ്

******

**ഉത്തരവ് നം. എ1-588/2019/ എച്ച്എസ്.വിംഗ് തീയതി 27/02/2019.**

പരാമർശത്തിൽ കൊല്ലം മറൈൻ സർവ്വേയർ ഓഫീസിലെ ചീഫ് സർവ്വേ സ്രാങ്കായ ശ്രീ.ശീലാൽ കെ.എസ്-ഉം കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലെ ചീഫ് സർവ്വേ സ്രാങ്കായ (ഹയർ ഗ്രേഡ്) ശ്രീ.രാജേന്ദ്രൻ പി-യും 28/2/2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നു.

പരാമർശം 3-ലെ നോട്ട് പ്രകാരം ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിലെ ചീഫ് സർവ്വേ സ്രാങ്കായ ശ്രീ.ജോസ് ആന്റണിയെ ടിയാന്റെ അപേക്ഷ പരിഗണിച്ച് കൊല്ലം മറൈൻ സർവ്വേയർ ഓഫീസിലെ ശ്രീ.ശ്രീലാൽ കെ.എസ് വിരമിക്കുന്ന ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ടുത്തരവാകുന്നു.

കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിലെ ചീഫ് സർവ്വേ സ്രാങ്ക് (ഹയർ ഗ്രേഡ്) ആയ ശ്രീ.രാജേന്ദ്രൻ പി 28/02/2019-ൽ വിരമിക്കുന്നതുമൂലം 01/03/2019 മുതൽ ഉണ്ടാകുന്ന ചീഫ് സർവ്വേ സ്രാങ്ക് ഒഴിവിലേക്ക് സർവ്വേ സ്രാങ്ക് ഗ്രേഡ് I -ലെ സീനിയറും നിലവിൽ കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ സർവ്വേ സ്രാങ്ക് ഗ്രേഡ് I ആയി സേവനമനുഷ്ടിക്കുന്ന ശ്രീ.എ.പി ശിവനെ ചീഫ് സർവ്വേ സ്രാങ്കായി സ്ഥാനക്കയറ്റം നൽകി കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസിൽ നിയമിച്ചുകൊണ്ടുത്തരവാകുന്നു.

ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിലെ ചീഫ് സർവ്വേ സ്രാങ്കായ ശ്രീ.ജോസ് ആന്റണിയെ കൊല്ലം മറൈൻ സർവ്വേയർ ഓഫീസിൽ ചീഫ് സർവ്വേ സ്രാങ്കായി സ്ഥലം മാറ്റിനിയമിച്ചതിനാൽ ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിൽ ഉണ്ടാകുന്ന ചീഫ് സർവ്വേ സ്രാങ്ക് തസ്തികയിലേക്ക് സർവ്വേ സ്രാങ്ക് ഗ്രേഡ് I തസ്തികയിൽ ശ്രീ.എ പി ശിവന്റെ തൊട്ടടുത്ത സീനിയറായ ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിലെ ശ്രീ.പി വി മണിയെ ചീഫ് സർവ്വേ സ്രാങ്കായി സ്ഥാനക്കയറ്റം നൽകി ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

ചീഫ് ഹൈഡ്രോഗ്രാഫർ

To

1. മറൈൻ സർവ്വേയർ, ബേപ്പൂർ/കൊല്ലം
2. അസിസ്റ്റന്റ് മറൈൻ സർവ്വേയർ, കോട്ടപ്പുറം.
3. ശ്രീ.ജോസ് ആന്റണി, ചീഫ് സർവ്വേ സ്രാങ്ക് (ബേപ്പൂർ മറൈൻ സർവ്വേയർ മുഖാന്തിരം)
4. ശ്രീ.എ.പി ശിവൻ, സർവ്വേ സ്രാങ്ക് ഗ്രേ I(കോട്ടപ്പുറം അസിസ്റ്റന്റ് മറൈൻ സർവ്വേയർ മുഖാന്തിരം)
5. ശ്രീ.പി.പി മണി, സർവ്വേ സ്രാങ്ക് ഗ്രേഡ് I ( മറൈൻ സർവ്വേയർ, ബേപ്പൂർ മുഖാന്തിരം)